www.keralapscblog.com

# P.S.C. മുൻ വർഷ ചോദ്യപേപ്പർ
## കേരളസർക്കാർ വിവിധ വകുപ്പുകൾ
## എൽ.ഡി.ക്ലാർക്ക് (ആലപ്പുഴ) - 2003

**ഒറ്റയാനെ തിരഞ്ഞെടുക്കുക**

1. (a) കാവേരി (b) പെരിയാർ (c) നിള (d) പമ്പ
2. (a) സൃഷ്ടി (b) സ്ഥിതി (c) സമയം (d) സംഹാരം
3. (a) കവിത (b) പുസ്തകം (c) നോവൽ (d) ലേഖനം
4. (a) ADE (b) LOP (c) RUW (d) EHI
5. (a) ശ്രീനാഥ് (b) വഡേക്കർ (c) ഗവാസ്കർ (d) ഡാൽമിയ

**പൂരിപ്പിക്കുക**

6. കൊളംബോ : ശ്രീലങ്ക : : മനില: ........
   (a) ഇന്തോനേഷ്യ (b) തായ്‌വാൻ (c) ഫിലിപ്പീൻസ് (d) മ്യാൻമാർ
7. അർജുന : സ്പോർട്സ് : : ഓസ്കാർ : - - - - -
   (a) സാഹിത്യം (b) സിനിമ
   (c) നാടകം (d) സാമൂഹ്യപ്രവർത്തനം
8. റേസിങ് : റോഡ് : : സ്കേറ്റിങ്: ............
   (a) മരുഭൂമി (b) ഐസ് (c) വെള്ളം (d) ആകാശം
9. നെഫ്രോളജി : വൃക്ക : : ഹെമറ്റോളജി : .........
   (a) രക്തം (b) ഹൃദയം (c) മജ്ജ (d) ത്വക്ക്
10. കോഡുപയോഗിച്ച് DUBAI യെ BSZYG എന്നെഴുതിയാൽ BIHAR നെ എങ്ങനെ മാറ്റിയെഴുതും?
    (a) ZGFPY (b) ZGFYP (c) ZGYFP (d) YGZFP
11. കോഡുപയോഗിച്ച് PUNJAB നെ OTMIZA എന്നെഴുതിയാൽ FARMER നെ എങ്ങനെ മാറ്റിയെഴുതും?
    (a) EZQDLQ (b) EZQLDQ (c) EZDQLQ (d) EQZLDQ
12. നിഘണ്ടുവിലെ ക്രമത്തിൽ വരുന്ന നാലാമത്തെ വാക്ക് ഏത്?
    (a) Pours (b) Porks (c) Ports (d) Posts
13. താഴെ കൊടുത്തവയിൽ ഒന്നൊഴിച്ച് ബാക്കി fratricides ന്റെ ആവർത്തനമാണ്. വാക്ക് കണ്ടുപിടിക്കുക.
    (a) fratricides (b) fratricides (c) fratricides (d) fratricidies
14. രാമു രാജുവിനേക്കാൾ വലുതും ബാബുവിനേക്കാൾ ചെറുതുമാണ്. ബാബു മനുവിനേക്കാൾ ചെറുതും. ആരാണ് ഏറ്റവും വലുത്?
    (a) മനു (b) രാജു (c) രാമു (d) ബാബു
15. 2, 2, 4, 6, 10, ........
    (a) 26 (b) 12 (c) 16 (d) 20
16. D-3, F-4, H-6, J-9 .........
    (a) K-13 (b) K-11 (c) L-11 (d) L-13
17. $3\frac{1}{2} + 2\frac{1}{3} + 4\frac{1}{3} =$ . . . . . . . .
    (a) $9\frac{1}{6}$ (b) $9\frac{1}{3}$ (c) $10\frac{1}{6}$ (d) $10\frac{1}{2}$
18. *108*ന്റെ *12½%* = ? ന്റെ *50%*
    (a) 54 (b) 216 (c) 13½ (d) 27
19. 18 പേർ 28 ദിവസംകൊണ്ട് ചെയ്തുതീർക്കുന്ന ജോലി 24 ദിവസംകൊണ്ട് ചെയ്തുതീർക്കാൻ എത്ര പേർ വേണം?
    (a) 22 (b) 20 (c) 24 (d) 21
20. 4 കുട്ടികൾക്ക് ശരാശരി 7 വയസ്സ്. അഞ്ചാമത് ഒരു കുട്ടികൂടി ചേർന്നാൽ ശരാശരി 6 വയസ്സ്. അഞ്ചാമന്റെ വയസ്സ് എത്ര?
    (a) 2 (b) 4 (c) 3 (d) 5
21. ഗായത്രീമന്ത്രം ഏതു വേദത്തിലാണ്?
    (a) യജുർവേദം (b) ഋഗ്വേദം (c) സാമവേദം (d) അഥർവവേദം
22. പോർച്ചുഗീസ് അധീനതയിൽ നിന്നും ഗോവയെ വിമോചിപ്പിച്ച വർഷം?
    (a) 1961 (b) 1963 (c) 1964 (d) 1965
23. അംബേദ്ക്കറുടെ സമാധിസ്ഥലം ഏതു പേരിലറിയപ്പെടുന്നു?
    (a) രാജ്ഘട്ട് (b) വിജയ് ഘട്ട് (c) വീർഭൂമി (d) ചൈത്രഭൂമി
24. "സിലിക്കൺ വാലി ഓഫ് ഇന്ത്യ" എന്നറിയപ്പെടുന്ന പട്ടണം?
    (a) ഡൽഹി (b) ഹൈദരാബാദ് (c) ചെന്നൈ (d) ബാംഗ്ലൂർ

25. ബന്ദിപ്പൂർ നാഷണൽ പാർക്ക് ഏതു സംസ്ഥാനത്തിലാണ്?
(a) മധ്യപ്രദേശ് (b) ഗോവ (c) കർണ്ണാടകം (d) ആന്ധ്രാപ്രദേശ്

26. ബംഗാൾ വിഭജനം റദ്ദുചെയ്ത ഇന്ത്യൻ വൈസ്രോയി ആരായിരുന്നു?
(a) ലിട്ടൺ പ്രഭു (b) ഹാർഡിഞ്ജ് പ്രഭു
(c) റിപ്പൺ പ്രഭു (d) കഴ്സൺ പ്രഭു

27. ഇന്ത്യയിൽ തദ്ദേശസ്വയംഭരണത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന വൈസ്രോയി ആര്?
(a) മായോ പ്രഭു (b) ഡഫറിൻ പ്രഭു (c) മിന്റോ പ്രഭു (d) റിപ്പൺ പ്രഭു

28. ഇന്ത്യയിൽ നിന്നും കൂടുതലായി ഇരുമ്പയിര് കയറ്റുമതിചെയ്യുന്നത്?
(a) മർമഗോവ (b) വിശാഖപട്ടണം (c) ഹാൽഡിയ (d) ചെന്നൈ

29. ഇന്ത്യൻ എക്സ്പ്രസിന്റെ എഡിറ്ററായിരുന്ന യൂണിയൻ മന്ത്രി ആര്?
(a) ജുവൈൽ ഓറം (b) അർജുൻ സേഥി (c) റീത്താ വർമ (d) അരുൺ ഷൂരി

30. ഗുൽമാർഗ് സുഖവാസകേന്ദ്രം ഏത് ഇന്ത്യൻ സംസ്ഥാനത്താണ് സ്ഥിതിചെയ്യുന്നത്?
(a) ഉത്തരാഞ്ചൽ (b) പശ്ചിമബംഗാൾ
(c) ജമ്മുകാശ്മീർ (d) ഹിമാചൽപ്രദേശ്

31. ഇന്ത്യയിലെ ഏറ്റവും വലിയ തടാകം ഏത്?
(a) വൂളാർ (b) ചിൽക്ക (c) പുലിക്കാട്ട് (d) വേമ്പനാട്ട്

32. പഹാരി ഭാഷ ഏതു സംസ്ഥാനത്താണ് സംസാരിക്കുന്നത്?
(a) പഞ്ചാബ് (b) ഹിമാചൽപ്രദേശ്
(c) ഹരിയാന (d) പശ്ചിമബംഗാൾ

33. 1773-ൽ കൽക്കത്തയിൽ സുപ്രീംകോടതി സ്ഥാപിച്ച ഗവർണർ ജനറൽ ആരായിരുന്നു?
(a) കോൺവാലീസ് (b) വില്യം ബെന്റിക്
(c) വാറൻ ഹേസ്റ്റിങ്സ് (d) വെല്ലസ്ലി

34. അഷ്ടപ്രധാൻ ഏതു ഭരണാധികാരിയുടെ മന്ത്രിസഭയായിരുന്നു?
(a) കൃഷ്ണദേവരായർ (b) ചന്ദ്രഗുപ്ത വിക്രമാദിത്യൻ
(c) ഹർഷവർധനൻ (d) ഛത്രപതി ശിവജി

35. നളന്ദ സർവകലാശാല സ്ഥാപിച്ച ഭരണാധികാരി ആരായിരുന്നു?
(a) കുമാരഗുപ്തൻ (b) അശോകൻ
(c) ചന്ദ്രഗുപ്തൻ I (d) ഹർഷവർധനൻ

36. ദക്ഷിണ കൈലാസം എന്നറിയപ്പെടുന്ന ക്ഷേത്രമേത്?
(a) കൂടൽമാണിക്യ ക്ഷേത്രം (b) ശുചീന്ദ്ര ക്ഷേത്രം
(c) വടക്കുംനാഥ ക്ഷേത്രം (d) ഏറ്റുമാനൂർക്ഷേത്രം

37. ഐക്യരാഷ്ട്രസഭയുടെ സിവിലിയൻ പോലീസ് ഉപദേഷ്ടാവായി നിയമിക്കപ്പെട്ട ആദ്യത്തെ ഇന്ത്യൻ വ്യക്തി
(a) ജൂലിയസ് റിബരിയോ (b) കിരൺ ബേദി
(c) കെ.പി.എസ്.ഗിൽ (d) ജെ.എം.കുറേഷി

38. ഗദ്ദാർപാർട്ടിയുടെ സ്ഥാപകനേതാവ്
(a) ശ്യാം ജി. കൃഷ്ണവർമ്മ (b) ഹർദയാൽ
(c) വി.ഡി.സവാർക്കർ (d) മാഡം കാമ

39. ഔദ്യോഗിക പദവിയിലിരിക്കെ വിദേശത്തുവച്ച് ദിവംഗതനായ ഇന്ത്യൻ പ്രധാനമന്ത്രി
(a) ലാൽ ബഹദൂർ ശാസ്ത്രി (b) രാജീവ് ഗാന്ധി
(c) ചരൺ സിംഗ് (d) മൊറാർജി ദേശായി

40. 'മറാത്ത മാക്യവല്ലി' എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്നത് ആരെ?
(a) പേഷ്വാ ബാജിറാവു (b) ബാലാജി വിശ്വനാഥ്
(c) പേഷ്വാ രഘുനാഥറാവു (d) നാനാഫെഡ്‌ നാവിസ്

41. സ്റ്റീൽ എന്ന ലോഹസങ്കരത്തിൽ അടങ്ങിയത്
(a) ചെമ്പ്, ഈയം (b) ഇരുമ്പ്, കാർബൺ
(c) ചെമ്പ്, ക്രോമിയം, നിക്കൽ (d) ഇരുമ്പ്, ചെമ്പ്

42. ജലത്തിന്റെ pH മൂല്യം എത്ര?
(a) 7.4 (b) 4.7 (c) 7 (d) 8

43. മണ്ണിനെക്കുറിച്ചുള്ള പഠനശാഖയാണ്:
(a) പീഡോളജി (b) എക്കോളജി (c) ഫാത്തോളജി (d) എന്റമോളജി

44. സിൽവർ റവല്യൂഷൻ ഏതുമായി ബന്ധപ്പെടുന്നു?
(a) ക്ഷീരോല്പാദനം (b) മുട്ട ഉല്പാദനം
(c) മത്സ്യ ഉല്പാദനം (d) പച്ചക്കറി ഉല്പാദനം

45. ദേശീയ മാതൃ സുരക്ഷാദിനം എന്നാണ്?
(a) ജൂൺ 5 (b) ഡിസംബർ 5 (c) ഏപ്രിൽ 1 (d) ഏപ്രിൽ 11

46. ഇന്റർനെറ്റിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആരെ?

www.keralapscblog.com

(a) ചാൾസ് ബാബേജ് (b) ജെയിംസ് ഹാരിസൺ
(c) വിന്റൺ സർഫ് (c) ജോൺ എൽ.ബോർഡ്

47. ലോക ഭക്ഷ്യദിനം എന്ന്?
(a) ഒക്ടോബർ 16 (b) ഒക്ടോബർ 24 (c) ജനുവരി 16 (d) ഡിസംബർ 16

48. കമ്പ്യൂട്ടറിൽ വിവരങ്ങൾ ശേഖരിച്ച് വെക്കുന്നത്?
(a) മെമ്മറി (b) സ്ക്രീൻ (c) പ്രിന്റർ (d) മൗസ്

49. മണ്ണെണ്ണയിൽ സൂക്ഷിക്കുന്ന ഒരു മൂലകം?
(a) ഫോസ്ഫറസ് (b) ഗാലിയം (c) ബേറിയം (d) സോഡിയം

50. പ്രാണികളെപ്പറ്റി പഠിക്കുന്ന ശാസ്ത്രശാഖ ഏത്?
(a) എത്ത്നോളജി (b) എൻഡോമോളജി (c) എത്തോളജി (d) എറ്റിമോളജി

51. താഴെ കൊടുത്തവയിൽ ഏറ്റവും പഴക്കം ചെന്ന ഇന്ത്യൻ സർവകലാശാല?
(a) കേരള സർവ്വകലാശാല (b) ഡൽഹി സർവ്വകലാശാല
(c) മഹാത്മാഗാന്ധി സർവ്വകലാശാല (d) കൽക്കത്താ സർവ്വകലാശാല

52. 'ടണൽ ഓഫ് ടൈം' ആരുടെ ആത്മകഥയാണ്?
(a) ആശാപൂർണാദേവി (b) കെ.ആർ. നാരായണൻ
(c) ആർ.കെ. ലക്ഷ്മൺ (d) ആർ.കെ. നാരായണൻ

53. ലോകാരോഗ്യ സംഘടനയുടെ ആസ്ഥാനം?
(a) ജനീവ (b) പാരീസ് (c) ന്യൂയോർക്ക് (d) വാഷിങ്ടൺ

54. ഏറ്റവും ഒടുവിൽ രൂപം കൊണ്ട ഇന്ത്യൻ സംസ്ഥാനം?
(a) ഗോവ (b) ജാർഖണ്ഡ് (c) ഉത്തരാഞ്ചൽ (d)ഛത്തീസ്ഗഢ്

55. 'പഞ്ചായത്ത്' ഏത് രാജ്യത്തിന്റെ പാർലമെന്റാണ്?
(a) ഭൂട്ടാൻ (b) ബർമ്മ (c) നേപ്പാൾ (d) മലേഷ്യ

56. മാൽഗുഡി ഡെയ്സ് ഏത് പ്രശസ്ത സാഹിത്യകാരന്റെ കൃതിയാണ്?
(a) പ്രേംചന്ദ് (b) ആർ.കെ.നാരായണൻ
(c) ആർ.കെ. ലക്ഷ്മണൻ (d) എസ്.കെ.പൊറ്റക്കാട്

57. ഇന്ത്യയിൽ ആദ്യമായി സ്വകാര്യവൽക്കരിക്കപ്പെട്ട ഷിയോനാഥ് പുഴ ഏതു സംസ്ഥാനത്താണ്?
(a) ഛത്തീസ്ഗഢ് (b) ഉത്തരാഞ്ചൽ (c) ഉത്തർപ്രദേശ് (d) ഝാർഖണ്ഡ്

58. ഏറ്റവും വലിയ ദേശീയഗാനം ഏത് രാജ്യത്തിന്റേതാണ്?
(a) അമേരിക്ക (b) ഇന്ത്യ (c) ഫ്രാൻസ് (d) ഗ്രീസ്

59. 2006-ലെ ലോകകപ്പ് ഫുട്ബോൾ എവിടെ വെച്ച് നടക്കും?
(a) യു.എസ്.എ (b) ജർമ്മനി (c) ഫ്രാൻസ് (d) ഇറ്റലി

60. 'ഹൃദയസ്മിതം' ആരുടെ കൃതിയാണ്?
(a) ചങ്ങമ്പുഴ കൃഷ്ണപിള്ള (b) വൈലോപ്പിള്ളി
(c) ഇടപ്പള്ളി രാഘവൻപിള്ള (d) സുഗതകുമാരി

61. 'വാട്ടർസ്കോട്ട് ഓഫ് കേരള' എന്നറിയപ്പെടുന്നതാര്?
(a) സി.വി. രാമൻപിള്ള (b) എസ്.കെ.പൊറ്റക്കാട്
(c) ചെമ്മനം ചാക്കോ (d) സി.വി.ശ്രീരാമൻ

62. കേരളത്തിൽ ഏറ്റവും കൂടുതൽ മരച്ചീനി ഉല്പാദിപ്പിക്കുന്ന ജില്ല?
(a) കാസർഗോഡ് (b) തിരുവനന്തപുരം (c) ആലപ്പുഴ (d) പാലക്കാട്

63. 'മാലി' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നതാര്?
(a) മാധവൻ നായർ വി. (b) രാമകൃഷ്ണൻ
(c) സച്ചിദാനന്ദൻ (d) ശ്രീധരമേനോൻ

64. വാസ്കോഡിഗാമ കോഴിക്കോട് വന്നിറങ്ങിയ കപ്പലിന്റെ പേര്?
(a) സാന്റാമറിയ (b) പിന്റ (c) സാൻഗബ്രിയേൽ (d) നീന

65. 'കുന്നല കോനാതിരി' എന്നറിയപ്പെട്ടിരുന്ന കേരളീയ രാജാവ്?
(a) കോലത്തിരി (b) കൊച്ചിരാജാവ്
(c) വള്ളുവ കോനാതിരി (d) സാമൂതിരി

66. കേരളത്തിൽ സർക്കസ്സ് കലയുടെ പിതാവ് എന്നറിയപ്പെടുന്നത്?
(a) കീലേരി കുഞ്ഞിക്കണ്ണൻ (b) ഇട്ടി അച്ചുതൻ
(c) മാധവമേനോൻ (d) പൂമുള്ളി നീലകണ്ഠൻ

67. ചവിട്ടുനാടകം ഏത് വിഭാഗം ജനങ്ങൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന കലാരൂപമായിരുന്നു?
(a) ഹിന്ദുക്കൾ (b) ക്രിസ്ത്യാനികൾ (c) ജൂതന്മാർ (d) മുസ്ലീങ്ങൾ

68. 1809 ൽ കുണ്ടറ വിളംബരം പുറപ്പെടുവിച്ചതാര്?
(a) മാർത്താണ്ഡവർമ്മ (b) പാലിയത്തച്ചൻ
(c) വേലുത്തമ്പി ദളവ (d) ധർമ്മരാജാവ്

69. ലോക പ്രശസ്ത ശാസ്ത്രജ്ഞനായ ഡോ.എം.എസ്. സ്വാമിനാഥന്റെ ജന്മസ്ഥലം?
(a) മണ്ണുത്തി (b) ഒറ്റപ്പാലം (c) മാങ്കൊമ്പ് (d) വർക്കല

www.keralapscblog.com

70. 'വിലാസിനി' എന്നത് ആരുടെ തൂലികാനാമമാണ്?
(a) എം.ആർ നായർ (b) പി.വി. അയ്യപ്പൻ
(c) പി.സ്.കുട്ടികൃഷ്ണൻ (d) എം.കെ. മേനോൻ

71. This is the matter ---------- I am proud.
(a) which (b) that (c) who (d) of which

72. I found your diary after you ——— the house.
(a) left (b) had left (c) were leaving (d) would leave

73. Sydney Cartoon, proposed to Lucio but she -------- the offer of marriage.
(a) turned down (b) turned off (c) turned on (d) turned out

74. He is married -------
(a) with my sister (b) my sister
(c) to my sister (d) none of the above

75. The moon as well as the stars ...............
(a) give light at night (b) do give light at night
(c) gave light at night (d) gives light at night

76. If he had applied for the post ...................
(a) he get it (b) he will get it
(c) he will have got it (d) he would have got it

77. The opposite of the word 'acquitted' is ...........
(a) entrusted (b) convicted (c) freed (d) burned

78. The opposite of the word 'synthetic' is:
(a) natural (b) affable (c) plastic (d) cosmetic

79. Two men and a woman were killed in a .................. between a car and a jeep.
(a) strike (b) thrust (c) collision (d) collusion

80. Choose the apt word showing the meaning of the underlined word in the sentence.
Ernakulam is a very *populous* city in Kerala.
(a) luxurious (b) liked by the people
(c) highly fashionable (d) thickly inhabited

81. The book you are looking ................... is here.
(a) for (b) at (c) out (d) about

82. Her spectacles would not rest on the .............of her nose.
(a) bridge (b) tip (c) top (d) arch

83. The government aims ............. rehabilitating the affected victims in the calamity.
(a) to (b) for (c) about (d) at

84. Bosewell's *Life of Johnson* is considered to be the greatest ............ ever written.
(a) novel (b) biography (c) autobiography (d) fiction

85. I saw him in Madras two months ........................
(a) before (b) since (c) ago (d) for

86. Hardly had he reached the station ........ the train arrived.
(a) than (b) until (c) when (d) as

87. The meaning of facsimile:
(a) model (b) nostrum (c) exact copy (d) fake

88. Judicious means:
(a) wise (b) diplomatic (c) watchful (d) legal

89. The murder of an important person for political reasons:
(a) regicide (b) homicide (c) patricide (d) assassination

90. Find out the wrongly spelt word:
(a) bulldozer (b) brochure (c) privilage (d) separate

91. ശരിയായ പദം തിരഞ്ഞെടുത്തെഴുതുക:
(a) അഥിതി (b) അതിധി (c) അതിഥി (d) അധിദി

92. 2001-ലെ വയലാർ പുരസ്ക്കാരം ലഭിച്ചത്?
(a) എം.വി.ദേവൻ (b) ടി.പത്മനാഭൻ
(c) സുകുമാർ അഴിക്കോട് (d) ഒ.എൻ.വി.കുറുപ്പ്

93. 'ആഷാമേനോൻ' എന്ന തൂലികാനാമത്തിനുടമ?
(a) കെ.ശ്രീകുമാർ (b) എൻ.നാരായണപ്പിള്ള
(c) അയ്യപ്പൻപിള്ള (d) പി.സച്ചിദാനന്ദൻ

94. ശരിയായ വാചകം ഏത്?

www.keralapscblog.com

(a) ബസ്സിൽ പുകവലിക്കുകയോ കൈയും തലയും പുറത്തിടുകയും ചെയ്യരുത്.
(b) ബസ്സിൽ പുകവലിക്കുകയും കൈയും തലയും പുറത്തിടുകയോ ചെയ്യരുത്.
(c) ബസ്സിൽ പുകവലിക്കുകയോ കൈയോ തലയോ പുറത്തിടകയും ചെയ്യരുത്.
(d) ബസ്സിൽ പുകവലിക്കുകയും കൈയും തലയും പുറത്തിടുകയും ചെയ്യരുത്.

95. താഴെ കൊടുത്തിരിക്കുന്നവയിൽ ആഗമസന്ധിയല്ലാത്തത്:
(a) പുളിങ്കുരു (b) പൂത്തട്ടം (c) പൂവമ്പ് (d) കരിമ്പുലി

96. താഴെ പറയുന്നവയിൽ സകർമകക്രിയ അല്ലാത്തത്
(a) ഉണ്ണുക (b) കുടിക്കുക (c) കുളിക്കുക (d) അടിക്കുക

97. താഴെകൊടുത്തിരിക്കുന്ന വാക്കുകളിൽ കൃത്തിന് ഉദാഹരണം.
(a) ബുദ്ധിമാൻ (b) മൃദുത്വം
(c) വൈയാകരണൻ (d) ദർശനം

98. ശരിയായ തർജമ എഴുതുക:-
World is under the fear of nuclear weapon.
(a) ലോകം ആണവായുധ ഭീഷണിയിൽ ഞെരുങ്ങുന്നു.
(b) ലോകം ആണവായുധത്തിന്റെ ഭീതിയിലാണ്.
(c) ലോകം ആണവായുധത്തിന്റെ പിടിയിലമരുന്നു.
(d) ലോകം ആണവായുധത്തെ നോക്കി വിറക്കൊള്ളുന്നു.

99. ശരിയായ തർജമ എഴുതുക:-
Barking dogs seldom bites.
(a) കുരയ്ക്കുന്ന പട്ടി കടിക്കാറില്ല.
(b) പട്ടി കുരച്ചിട്ടേ കടിക്കാറുള്ളൂ.
(c) കുരയ്ക്കുന്ന പട്ടി അപൂർവ്വമായേ കടിക്കാറുള്ളൂ.
(d) പട്ടി കുരച്ചുകൊണ്ട് കടിക്കാറുണ്ട്.

100. ശരിയായ തർജമ എഴുതുക:-
You had better consult a doctor.
(a) ഡോക്ടറെ കാണുന്നതാണ് കൂടുതൽ അഭികാമ്യം.
(b) ഡോക്ടറെ കാണുന്നത് ഗുണപ്രദമാണ്.
(c) ഡോക്ടറെ കണ്ടാൽ സ്ഥിതി മാറും.
(d) ഡോക്ടറെ കണ്ടാൽ അസുഖം ഭേദമാകും.

## എൽ.ഡി.സി. ആലപ്പുഴ ജില്ല

## ഉത്തരങ്ങളും അനുബന്ധവസ്തുതകളും

1. (a) കാവേരി
   - മറ്റുള്ളവയെല്ലാം കേരളത്തിലെ നദികളാണ്.
2. (c) സമയം
3. (b) പുസ്തകം
4. (c) RUW
   - ആദ്യക്ഷരം കഴിഞ്ഞ് രണ്ട് അക്ഷരങ്ങൾ വിട്ട് അടുത്തടുത്ത രണ്ടക്ഷരം ചേർത്താണ് മറ്റുള്ളവയെല്ലാം എഴുതിയിരിക്കുന്നത്.
5. (d) ഡാൽമിയ
   - മറ്റെല്ലാവരും ക്രിക്കറ്റർമാർ.
6. (c) ഫിലിപ്പീൻസ്
   - ഫിലിപ്പീൻസിന്റെ തലസ്ഥാനമാണ് മനില.
7. (b) സിനിമ
   - സിനിമയ്ക്ക് നല്കുന്ന പുരസ്കാരമാണ് ഓസ്കാർ.
8. (b) ഐസ്
9. (a) രക്തം
10. (b) ZGFYP
    - ഓരോ അക്ഷരം വിട്ടാണ് (ഇടത്തോട്ട്) കോഡുപയോഗിച്ചിരിക്കുന്നത്.
11. (b) EZQLDQ
    - ഓരോ അക്ഷരത്തിന്റെയും തൊട്ടടുത്ത (ഇടത്ത്)അക്ഷരമാണ് കോഡായി ഉപയോഗിച്ചിരിക്കുന്നത്.
12. (a) Pours
13. (d) Fratricidies
14. (a) മനു
    Manu, Babu, Ramu, Raju
15. (c) 16
    - തൊട്ടടുത്ത രണ്ട് പദങ്ങൾ കൂടിയാണ് അടുത്ത പദം എഴുതിയിരിക്കുന്നത്.
16. (d) L-13
    - ഒന്നിടവിട്ട ഇംഗ്ലീഷ് അക്ഷരങ്ങൾ അടുത്ത ശ്രേണി 3, 4, 6, 9, ---
      സംഖ്യകൾ തമ്മിലുള്ള വ്യത്യാസം 1, 2, 3, 4 എന്ന ക്രമത്തിലാണ്.
17. (c) $10\frac{1}{6}$

    $$3\frac{1}{2}+2\frac{1}{3}+4\frac{1}{3}=9+\frac{1}{2}+\frac{2}{3}=9+\frac{3+4}{6}=9+\frac{7}{6}=10+\frac{1}{6}=10\frac{1}{6}$$
18. (d) 27

www.keralapscblog.com

$$108 \times \frac{25}{2 \times 100} = x \times \frac{50}{100}$$

$$x = \frac{100 \times 108 \times 25}{50 \times 2 \times 100} = 27$$

19. (d) 21

$$18 \times 28 = 24x$$

$$x = \frac{18 \times 28}{24} = 21$$

20. (a) 2

4 കുട്ടികളുടെ ആകെ വയസ്സ് = $4 \times 7 = 28$
5 കുട്ടികളുടെ ആകെ വയസ്സ് = $5 \times 6 = 30$
അഞ്ചാമത്തെ കുട്ടിയുടെ വയസ്സ് = $30 - 28 = 2$

21. (b) ഋഗ്വേദം
- സംഹിതകളെ ഋക്, സാമം, യജുർ, അഥർവം എന്ന് നാല് വേദങ്ങളായി വിഭജിച്ചത് വ്യാസനാണ്. അതിനാലാണ് 'വേദ വ്യാസനെന്ന്' അദ്ദേഹം അറിയപ്പെടുന്നത്.
- ലോകത്തിലെ ഏറ്റവും പുരാതന സാഹിത്യപരമായ ഗ്രന്ഥമാണ് ഋഗ്വേദം.
- ഋഗ്വേദത്തിൽ 1028 ദേവസ്തുതികളും 10 മണ്ഡലങ്ങളും ഉൾപ്പെട്ടിരിക്കുന്നു.
- യജുർവേദം - ബലിദാനം, പൂജാവിധി എന്നിവയെക്കുറിച്ച് വിവരിക്കുന്നു.
- സാമവേദം - സംഗീതത്തെക്കുറിച്ച് പറയുന്നു
- അഥർവ്വവേദം - മന്ത്രത്തിന്റെയും മന്ത്രോച്ചാരണത്തിന്റെയും ശേഖരണമാണ്.

22. (a) 1961
- പോർച്ചുഗീസുകാരിൽ നിന്ന് ഇന്ത്യാ ഗവൺമെന്റ് ഗോവ പിടിച്ചെടുത്തത് ഡിസംബർ 19, 1961 ലാണ്.
- ഇന്ത്യയിലെ ഏറ്റവും ചെറിയ സംസ്ഥാനമായ ഗോവ ഇന്ത്യയുടെ ഇരുപത്തിയഞ്ചാം സംസ്ഥാനമായി രൂപീകൃതമായത് 1987 മെയ് 30-നാണ്.
- ഗോവയുടെ ഹൈക്കോടതി സ്ഥിതിചെയ്യുന്നത് മുംബൈയിലാണ്.

23. (d) ചൈത്രഭൂമി
- അംബേദ്ക്കറെ ഭരണഘടനാ ശില്പി എന്നറിയപ്പെടുന്നു.
- രാജ്ഘട്ട് - ഗാന്ധിജിയുടെ സമാധിസ്ഥലം
- വിജയഘട്ട് - ലാൽ ബഹദൂർ ശാസ്ത്രി
- വീർഭൂമി - രാജീവ്ഗാന്ധി
- ശക്തിസ്ഥൽ - ഇന്ദിരാഗാന്ധി

24. (d) ബാംഗ്ലൂർ
- കർണ്ണാടകത്തിന്റെ തലസ്ഥാനമായ ബാംഗ്ലൂർ, പൂന്തോട്ട നഗരമെന്നും, ഇലക്ട്രോണിക് നഗരമെന്നും, പെൻഷനേഴ്സ് പാരഡൈസ് എന്നും അറിയപ്പെടുന്നു.

25. (c) കർണ്ണാടകം
- ലോകത്തിലെ ഏറ്റവും വലിയ നാഷണൽ പാർക്കാണ് ദക്ഷിണാഫ്രിക്കയിലെ ക്രുഗർ നാഷണൽ പാർക്ക്.
- ബന്ദിപ്പൂർ വന്യമൃഗസംരക്ഷണകേന്ദ്രം സ്ഥിതിചെയ്യുന്നത് ബാംഗ്ലൂരിലെ മൈസൂറിലാണ്.
- കൻഹാ നാഷണൽ പാർക്ക് - മദ്ധ്യപ്രദേശ്
- കാസിരംഗ നാഷണൽ പാർക്ക് - ആസാം
- ഭരത്പൂർ - രാജസ്ഥാൻ
- ഗീർവനം - ഗുജറാത്ത്
- കോർബറ്റ് നാഷണൽ പാർക്ക് - ഉത്തരാഞ്ചൽ

26. (b) ഹാർഡിഞ്ച് പ്രഭു
- 1905 ൽ കഴ്സൺ പ്രഭു ബംഗാൾ വിഭജിച്ചു. ഭരണസൗകര്യത്തിന് വേണ്ടിയെന്ന കാരണത്താൽ ബംഗാളിനെ രണ്ട് സംസ്ഥാനങ്ങളാക്കാനുള്ള തീരുമാനം വൻ പ്രതിഷേധത്തിനിടയാക്കി.
- 1911-ൽ ഹാർഡിങ്ങ് *II* പ്രഭു വിഭജനം റദ്ദ് ചെയ്തു.
- ബ്രിട്ടീഷ് തലസ്ഥാനം കൽക്കട്ടയിൽ നിന്ന് ഡൽഹിയിലേക്ക് മാറ്റിയതും അദ്ദേഹമാണ്.
- ബംഗാൾ വിഭജന സമയത്തെ ഐ.എൻ.സി. പ്രസിഡന്റ് - ഗോപാലകൃഷ്ണഗോഖലെ

27. (d) റിപ്പൺപ്രഭു
- 1957ൽ ബൽവന്ത്റായ് മേത്ത അന്നത്തെ *CDP*-യെ ക്കുറിച്ച് പഠിച്ച് 1959 ൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരമാണ് പഞ്ചായത്ത് രാജ് എന്ന ത്രിതല ഭരണസംവിധാനം ആരംഭിക്കുന്നത്.
- 1959 ൽ രാജസ്ഥാനിൽ ആദ്യമായി പ്ഞ്ചായത്ത് രാജ് നടപ്പാക്കപ്പെട്ടു.
- ഫെബ്രുവരി 19 - പഞ്ചായത്ത് രാജ് ദിനം.
- 1993 ഏപ്രിൽ 24ന് പാർലമെന്റ് പാസാക്കിയ പഞ്ചായത്ത് രാജ് 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ ഇന്ത്യയിൽ നിലവിൽ വന്നത് 1994 ഏപ്രിൽ 24നാണ്.
- റെഗുലർ സെൻസ് ആരംഭിച്ച (1881) തും Factory Act പാസ്സാക്കി (1881) യതും റിപ്പൺ പ്രഭുവാണ്.

28. (a) മർമഗോവ
- ഇരുമ്പയിരും, ബോക്സൈറ്റും, മാംഗനീസുമാണ് പ്രധാന നിക്ഷേപങ്ങൾ.
- ഗോവയിലെ പ്രധാന തുറമുഖമാണ് മർമഗോവ.

29. (d) അരുൺ ഷൂരി
- കേന്ദ്രമന്ത്രിസഭയിലെ ക്യാബിനറ്റ് മന്ത്രിയായിരുന്ന പത്രപ്രവർത്തകനാണ് അരുൺ ഷൂരി.
- അന്വേഷണാത്മക പത്രപ്രവർത്തനത്തിന് പുതിയ മാനങ്ങൾ നൽകി.

30. (c) ജമ്മുകാശ്മീർ
- ജമ്മുകാശ്മീരിലെ ബാരമുള്ള ജില്ലയിലാണ് ഗുൽമാർഗ് സുഖവാസകേന്ദ്രം സ്ഥിതിചെയ്യുന്നത്.
- വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ദാൽ-തടാകവും ഇവിടെ തന്നെയാണ്.
- ജമ്മുകാശ്മീരിലെ പ്രധാന വ്യവസായമായിരുന്ന വിനോദ സഞ്ചാരം ക്ഷയിക്കാനുള്ള പ്രധാന കാരണം തീവ്രവാദമാണ്.
- അൽമോറ, മസൂറി, നൈനിറ്റാൾ എന്നിവ ഉത്തരാഖണ്ഡിലാണ്.
- സിംല, ഡൽഹൗസി, ധർമ്മശാല, കുളു, മനാലി തുടങ്ങിയ സുഖവാസ കേന്ദ്രങ്ങൾ ഹിമാചൽ പ്രദേശിലാണ്.
- ഖജ്ജാർ (ഹിമാചൽ പ്രദേശ്) ഇന്ത്യയുടെ മിനി സ്വിറ്റ്സർലണ്ട് എന്നറിയപ്പെടുന്നു.

www.keralapscblog.com

31. (b) ചിൽക്ക
- വൂളാർ തടാകം സ്ഥിതിചെയ്യുന്നത് ജമ്മുകാശ്മീരിലാണ്.
- ഇന്ത്യയിലെ ഏറ്റവും വലിയ ശുദ്ധജലതടാകം ആന്ധ്രാപ്രദേശിലെ കൊല്ലേരു ആണ്.
- ചിൽക്ക തടാകം ഒറീസ്സയിലാണ്.

32. (b) ഹിമാചൽപ്രദേശ്
- ഹിന്ദി, പഹാരി എന്നിവയാണ് പ്രധാന ഭാഷകൾ.

33. (c) വാറൻ ഹേസ്റ്റിംഗ്സ്
- സുപ്രീം സിവിൽ കോടതിയും, സുപ്രീം ക്രിമിനൽ കോടതിയും സ്ഥാപിച്ചത് ഇദ്ദേഹമാണ്.
- റോയൽ ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബാംഗാൾ എന്ന സ്ഥാപനത്തിന് ജൻമം നൽകിയതും ഇദ്ദേഹമാണ്.

34. (d) ഛത്രപതി ശിവജി
- മറാത്താവംശത്തിലെ ഏറ്റവും ശക്തനായ രാജാവായിരുന്നു ശിവജി.
- അഷ്ടപ്രധാൻ എന്ന പേരിലറിയപ്പെടുന്ന 8 മന്ത്രിമാരുടെ സഹായത്താലാണ് ശിവജി ഭരണം നടത്തിയിരുന്നത്.
- 1674 ജൂൺ 16ന് മഹാരാഷ്ട്ര രാജ്യം സ്ഥാപിക്കുകയും ഛത്രപതിയായി കിരീടധാരണം ചെയ്യുകയും ചെയ്തു.
- ഇന്ത്യയിലെ പ്രധാന യൂണിവേഴ്സിറ്റികളിലൊന്നാണ് മഹാരാഷ്ട്രയിലെ ശിവാജി യൂണിവേഴ്സിറ്റി.
- ഛത്രപതി ശിവജി സ്റ്റേഡിയം ന്യൂഡൽഹിയിലാണ്.

35. (a) കുമാരഗുപ്തൻ
- നളന്ദ സർവ്വകലാശാല ബീഹാറിൽ സ്ഥിതിചെയ്യുന്നു.

36. (c) വടക്കുംനാഥ ക്ഷേത്രം
- തൃശ്ശൂർ ജില്ലയിൽ വടക്കുംനാഥക്ഷേത്രം സ്ഥിതിചെയ്യുന്നു.
- കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമാണ് തൃശ്ശൂർ.

37. (b) കിരൺ ബേദി
- ഇന്ത്യയിലെ ആദ്യത്തെ വനിതാ ഐ.പി.എസ് ഓഫീസറും കിരൺബേദിയാണ്.
- *I Dare* is the biography of Kiran Bedi.
- ഏഷ്യൻ ഗെയിംസിൽ വനിതാ വിഭാഗം ടെന്നീസ് ചാമ്പ്യനായിരുന്നു കിരൺബേദി.

38. (b) ഹർദയാൽ
- ഹർദയാൽ ജനറൽ സെക്രട്ടറിയും സോഹൻസിങ്ങ് ബക്ന പ്രസിഡണ്ടുമായിരുന്നു.

39. (a) ലാൽ ബഹാദൂർ ശാസ്ത്രി
- 1964 മുതൽ 66 ജനുവരി 10 വരെ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്നു.
- ഇന്ത്യാ-പാക്ക് പ്രശ്നത്തിനു പരിഹാരം കാണാൻ താഷ്ക്കെന്റിൽ റഷ്യൻ പ്രധാനമന്ത്രി കോസിഗിന്റെ സാന്നിദ്ധ്യത്തിൽ അയൂബ് ഖാനും, തമ്മിൽ നടത്തിയ ചർച്ച വിജയകരമായി സമാപിച്ചു.
- 1966-ൽ താഷ്ക്കെന്റിൽ വച്ച് അന്തരിച്ചു. വിദേശത്ത് വച്ച് അന്തരിച്ച ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയും ഇദ്ദേഹമാണ്.
- സമാധാനത്തിന്റെ ആൾ രൂപം എന്നും ശാസ്ത്രി അറിയപ്പെടുന്നു.
- ലാൽ ബഹാദൂർ ശാസ്ത്രി സ്റ്റേഡിയം ഹൈദരാബാദിലാണ്.

40. (b) ബാലാജി വിശ്വനാഥ്
- മഹാരാഷ്ട്രയിലെ പേട്രിയോട്ട് ആയിരുന്നു അദ്ദേഹം.

41. (b) ഇരുമ്പ്, കാർബൺ

42. (c) 7
- ഒരു ദ്രാവകമോ ലായനിയോ അമ്ലസ്വഭാവമുള്ളതാണോ ക്ഷാരസ്വഭാവമുള്ളതാണോ എന്ന് നിർണ്ണയിക്കുന്നത് അതിന്റെ $p^H$ (പൊട്ടൻഷ്യൽ ഹൈഡ്രജൻ) മൂല്യം നോക്കിയാണ്.
- ജലത്തിന്റെ $p^H$ മൂല്യം 7 ആയതിനാൽ അതിനെ ന്യൂട്രൽ ആയി കണക്കാക്കുന്നു.

43. (a) പെഡോളജി
- മണ്ണിന്റെ ഘടന, ഉത്ഭവം, വിതരണം, പ്രവർത്തനം എന്നിവയെക്കുറിച്ചും അവയുടെ ഉപഭോഗത്തെക്കുറിച്ചുമുള്ള പഠനമാണ് പെഡോളജി.
- നദികളെ ക്കുറിച്ച്പഠിക്കുന്ന ശാസ്ത്രശാഖയാണ് പോട്ടമോളജി.

44. (b) മുട്ട ഉൽപ്പാദനം

| | | |
|---|---|---|
| ധവള വിപ്ലവം | - | ക്ഷീരോൽപാദനം |
| നീലവിപ്ലവം | - | മത്സ്യോൽപാദനം |
| ഹരിതവിപ്ലവം | - | കാർഷികവിളകളുടെ ഉത്പാദനം |

45. (b) ഡിസംബർ 5
- ലോക മാതൃദിനം - മേയ് മാസത്തിലെ രണ്ടാം ഞായറാഴ്ച
- ജൂൺ 5 - ലോക പരിസ്ഥിതി ദിനം
- ഏപ്രിൽ 1 - ലോക വിഡ്ഢി ദിനം
- ഫെബ്രുവരി 21 - മാതൃഭാഷാ ദിനം

46. (c) വിന്റൺ സർഫ്
- The largest computer network in the world - Internet
- സൂപ്പർ കമ്പ്യൂട്ടറിന്റെ പിതാവ് - സൈമൂർക്രേ
- അമേരിക്കക്കാരായ ജി.വിന്റൺസെർഫും, ലിയനാർഡ് ഗ്ലെന്റിക്കോർട്ടും ചേർന്നാണ് ഇന്റർനെറ്റ് 1969 ൽ വികസിപ്പിച്ചെടുത്തത്.

47. (a) ഒക്ടോബർ 16
- 1945 ൽ ഭക്ഷ്യകാർഷിക സംഘടന രൂപം കൊണ്ടു.
- ഭക്ഷ്യ കാർഷിക സംഘടനയുടെ സ്ഥാപക ദിനമാണ് ഒക്ടോബർ 16
- ആസ്ഥാനം : റോം
- ഒക്ടോബർ 24 - ഐക്യരാഷ്ട്രദിനം
- ജനുവരി 15 - കരസേനാ ദിനം
- ഡിസംബർ 16 - വിജയ ദിനം

48. (a) മെമ്മറി
- A memory of a computer is usually measured in bytes
  8 bits = 1 byte
- കമ്പ്യൂട്ടറിൽ 4 ബിറ്റുകളുടെ കൂട്ടത്തെയാണ് ഒരു നിബ്ബിൾ എന്നുപറയുന്നു.

49. (d) സോഡിയം
- സോഡിയവും പൊട്ടാസ്യവും മണ്ണെണ്ണയിൽ സൂക്ഷിക്കുന്ന രണ്ട് ലോഹങ്ങളാണ്.

www.keralapscblog.com

- ഈർപ്പവുമായി സമ്പർക്കത്തിൽ വരുമ്പോൾ തീവ്രമായി പ്രവർത്തിക്കുന്നതിനാൽ മണ്ണെണ്ണയിൽ സൂക്ഷിക്കുന്നു.

50. (b) എൻഡോമോളജി
    - എത്തോനോളജി - മനുഷ്യവർഗങ്ങളുടെ പരസ്പരബന്ധവും അവയുടെ സ്വഭാവപ്രത്യേകതകളും സംബന്ധിച്ചശാസ്ത്രം.
    - എത്തോളജി - നീതിശാസ്ത്രനിപുണൻ
    - എറ്റിമോളജി - ശബ്ദോൽപത്തിശാസ്ത്രം
51. (d) കൽക്കത്താ സർവ്വകലാശാല
    - Shantiniketan is in West Bengal. Viswabharathi University founded by Rabindranath Tagore is here.
    - 1901 ൽ ശാന്തിനികേതൻ സ്ഥാപിച്ചു. അതാണ് 1921 ൽ വിശ്വഭാരതി സർവ്വകലാശാലയായി മാറിയത്.
52. (c) ആർ.കെ.ലക്ഷ്മൺ
    - പ്രശസ്ത കാർട്ടൂണിസ്റ്റ്
    - *യു സെഡ് ഇറ്റ്* പ്രശസ്തകാർട്ടൂണും, *ദി സൈലന്റ് മാൻ* പ്രസിദ്ധ കാർട്ടൂൺ കഥാപാത്രവുമാണ്.
53. (a) ജനീവ
    - ലോകാരോഗ്യസംഘടനയുടെ സ്ഥാപകദിനമായ ഏപ്രിൽ 7 ആണ് ലോകാരോഗ്യദിനമായി ആചരിക്കുന്നത്.
    - ആരോഗ്യപരമായ പരിസരം കുട്ടികൾക്ക് എന്നതാണ് 2003 ഏപ്രിൽ 7-ലെ ലോകാരോഗ്യദിനസന്ദേശം.
54. (b) ജാർഖണ്ഡ്
    - 2000 നവംബർ 15നാണ് ജാർഖണ്ഡ് ഇന്ത്യയിലെ 28-ാ മത്തെ സംസ്ഥാനമായി രൂപീകൃതമായത്.
    - ബീഹാറിൽ നിന്നാണ് ഈ സംസ്ഥാനം അടർത്തിയെടുത്തത്.
    - തലസ്ഥാനം -റാഞ്ചി
    - ഇന്ത്യയുടെ 26-ാം സംസ്ഥാനമായി ഛത്തീസ്ഗഡ് നിലവിൽ വന്നത് 2003 നവംബർ 1 നാണ്.
    - ഉത്തരാഖണ്ഡ് ഇന്ത്യയുടെ 27-ാം സംസ്ഥാനം നിലവിൽ വന്നത് - നവംബർ 9, 2000 ത്തിലാണ്.
    - 84-ാം ഭേദഗതിയിലൂടെയാണ് ഈ മൂന്ന് സംസ്ഥാനങ്ങളും നിലവിൽ വന്നത്.
55. (c) നേപ്പാൾ
    - തലസ്ഥാനം - കാഠ്മണ്ഡു
    - നേപ്പാളിലെ ത്രിഭൂവൻ എയർപോർട്ടിൽ നിന്നാണ് 1999 ഡിസംബറിൽ ഇന്ത്യൻ എയർലൈൻസ് വിമാനം കണ്ടഹാറിലേക്ക് തട്ടികൊണ്ടുപോയത്.
56. (b) ആർ.കെ.നാരായൺ
    - *ദ ഗൈഡും* ആർ.കെ. നാരായണന്റെ കൃതിയാണ്.
57. (a) ഛത്തീസ്ഗഢ്
    - ഛത്തീസ്ഗഢിലെ പ്രധാന നദികളാണ് മഹാനദിയും ഗോദാവരിയും.
58. (d) ഗ്രീസ്
    - *ഹിം ഓഫ് ലിബർട്ടി* എന്ന പേരിലറിയപ്പെടുന്നു. 158 വരികളുണ്ട്.
59. (b) ജർമ്മനി
    - ആദ്യ ലോകകപ്പ് ഫുട്ബോൾ ഉറുഗ്വേയുടെ തലസ്ഥാനമായ മോണ്ടിവീഡിയോയിൽ വച്ച് 1930-ൽ നടന്നു. ഉറൂഗ്വേയായിരുന്നു ഇതിലെ ജേതാവ്.
    - ലോകകപ്പ് ഫുട്ബോൾ നാലുവർഷത്തിൽ ഒരിക്കലാണ് നടക്കുന്നത്.
    - 2006 ലെ ലോകകപ്പ് കിരീടം ഇറ്റലി കരസ്ഥമാക്കി.
    - FIFA President - Sepp Blatter
    - 2010 ലോകകപ്പ് ഫുട്ബോൾ മത്സരം ദക്ഷിണാഫ്രിക്കയിൽ നടക്കും.
60. (c) ഇടപ്പള്ളി രാഘവൻപിള്ള
    - ഇദ്ദേഹവും സമകാലീനനായിരുന്ന ചങ്ങമ്പുഴയുമാണ് 'ഇടപ്പള്ളികവികൾ' എന്നറിയപ്പെടുന്നത്.
    - *തുഷാരഹാരം, നവസൗരഭം, ഹൃദയസ്മിതം, മണിനാദം* എന്നിവയാണ് കൃതികൾ.
61. (a) സി.വി. രാമൻപിള്ള
    - പ്രധാനകൃതികൾ: *മാർത്താണ്ഡവർമ്മ* (ആദ്യ ചരിത്രനോവൽ), *ധർമ്മരാജ, രാജരാജബഹദൂർ, പ്രേമാമൃതം* (സാമൂഹ്യ നോവൽ).
62. (b) തിരുവനന്തപുരം
    - കേരളത്തിൽ ഏറ്റവും അധികം കൃഷിചെയ്യുന്ന കിഴങ്ങുവർഗ്ഗം മരച്ചീനിയാണ്
    - മരച്ചീനിയുടെ ശാസ്ത്രീയനാമം - മാനിഹോട്ട് യൂട്ടിലിസിമ.
    - പോർട്ടുഗീസുകാർ 17-ാം നൂറ്റാണ്ടിലാണ് കേരളത്തിലേയ്ക്ക് മരച്ചീനി കൊണ്ടുവന്നത്.
    - ദേശീയ കാർഷികദിനം - ഡിസംബർ 23
63. (a) മാധവൻനായർ വി.
    - *മാലിരാമയാണം, മാലിഭാരതം, മാലിഭാഗവതം* എന്നിവ പ്രശസ്ത കൃതികൾ.
64. (c) സാൻഗബ്രിയേൽ
    - ഇന്ത്യയിൽ ആദ്യമായി വന്ന പാശ്ചാത്യശക്തിയും ഏറ്റവും അവസാനമായി ഇന്ത്യവിട്ടുപോയ പാശ്ചാത്യശക്തിയും പോർട്ടുഗീസുകാരാണ്.
    - ഇന്ത്യയിൽ കപ്പൽ മാർഗ്ഗം ആദ്യമായി എത്തിയ പാശ്ചാത്യരാണ് 1498 ൽ എത്തിയ പോർട്ടുഗീസുകാർ.
65. (d) സാമൂതിരി
66. (a) കീലേരി കുഞ്ഞിക്കണ്ണൻ
    - 1904 ൽ മലബാർ സർക്കസ് കമ്പനി സ്ഥാപിച്ചു. ഇദ്ദേഹമാണ് മലയാളികളെ സർക്കസ് രംഗത്തേക്കാകർഷിച്ചത്.
67. (b) ക്രിസ്ത്യാനികൾ
    - കേരളത്തിലെ ക്രിസ്ത്യാനികൾ ആദ്യകാലത്ത് തനതായി ആവിഷ്കരിച്ച നാടകരൂപം.
    - പ്രധാന ചവിട്ടുനാടകമാണ് ജനോവ.
68. (c) വേലുത്തമ്പി ദളവ

www.keralapscblog.com

- 1809 ജനുവരി 11 തീയതി വേലുത്തമ്പി ദളവ പുറപ്പെടുവിച്ച ചരിത്ര പ്രസിദ്ധമായ കുണ്ടറ വിളംബരത്തിലൂടെ ബ്രിട്ടീഷുകാർക്കെതിരായ സമരത്തിൽ തന്റെ കൊടിക്കീഴിൽ അണിനിരക്കാൻ രാജ്യസ്നേഹികളെ അഹ്വാനം ചെയ്തു.

69. (c) മാങ്കൊമ്പ്
   - ഇന്ത്യയിലെ ഹരിതവിപ്ലവത്തിന്റെ പിതാവാണ് എം.എസ്. സ്വാമിനാഥൻ.
   - 1987-ലെ വേൾഡ് ഫുഡ് പ്രൈസ് നേടിയ ആദ്യ വ്യക്തികൂടിയാണിദ്ദേഹം.

70. (d) എം.കെ.മേനോൻ

71. (d) of which
   - Here the relative pronoun 'which' joins words. But the prepositions 'of' is also needed to make a meaningful sentence. 'who' is used to mention a person.

72. (b) had left
   - When two actions in the past have to be referred the past perfect is used for the earlier action and the simple past for the latter one.

73. (a) turned down
   - The word 'rejected' is needed to complete the sentence.
   - turned down means rejected
   - turned off-stopped
   - turned on - started
   - turned out - extinguished

74. (c) to my sister
   - The preposition used with 'marry' is *to. married to some one* (not married with.)

75. (d) gives light at night
   - The verb becomes singular or plural according to the subject which comes before as well as. Here 'moon' is singular. So singular form 'gives' is used.

76. (d) he would have got it
   - The sentence is about an unreal past. He did not apply for the post and therefore he did not get it. Here the condition is, *If he had applied* is in past perfect. So the result should begin with *would have*.

77. (b) convicted
   - Acquitted means 'declared a person not guilty'. 'Convict' means 'to find guilty'.

78. (a) Natural
   - 'Synthetic' means 'manufactured'

79. (c) Collision
   - 'Collision means violent contact' and it is issued when we mention an accident. Collision means "secret understanding in order to deceive somebody".

80. (d) thickly inhabited

81. (a) for
   - The preposition 'for' is used while we mention a reason or purpose.
     Here *looking for* means searching.

82. (a) bridge
   - Bridge is the joining part of the forehead and nose.

83. (d) at
   - The verb *aim* usually followed by the perposition 'at'.

84. (b) biography
   - Biography is a written account of a person's life by another.
   - Autobiography is a literary work written by a person about himself.

85. (c) ago
   - *ago* is used when we date back from now to a point of time in the past. *Before* is used when we date back from any point of time in the past or future.

86. (c) when
   - *Hardly* is always followed by *when* not *than*.

87. (c) exact copy
   - Nostrum – a quick remedy.
     Fake – not genuine.

88. (a) wise

89. (d) assassination
   - Regicide - the murder of a king
   - Homocide - killing of a man by another man
   - Patricide - the murder of one's father.

90. (c) privilage
   - The correct spelling is *privilege*

91. (c) അതിഥി

92. (b) ടി. പത്മനാഭൻ

www.keralapscblog.com

- 25-ാമത് വയലാർ അവാർഡാണിത്. *പുഴകടന്ന് മരങ്ങളുടെ ഇടയിലേക്ക്* (കഥാസമാഹാരം) 25000 രൂപയും പ്രശസ്തി പത്രവും ശില്പവുമാണ് അവാർഡ്.

93. (a) കെ. ശ്രീകുമാർ
94. (d) ബസ്സിൽ പുകവലിക്കുയും കൈയും തലയും പുറത്തിടുകയും ചെയ്യരുത്.
    - സമുച്ചയദോഷം (കൂട്ടിച്ചേർക്കൽ) സംഭവിച്ച വാക്യങ്ങളാണ് ബാക്കി മൂന്നും.
95. (b) പൂത്തട്ടം
    - പൂ + തട്ടം (ദ്വിത്വസന്ധി)
96. (c) കുളിക്കുക
    - അർത്ഥം പൂർത്തിയാവാൻ കർമ്മത്തിന്റെ ആകാംഷയുള്ള കൃതി സകർമ്മകം.
97. (d) ദർശനം
    - കൃതികളിൽ നിന്ന് വ്യുൽപ്പാദിപ്പിക്കുന്ന നാമങ്ങളാണ് കൃത്തുകൾ.
98. (b) ലോകം ആണവായുധത്തിന്റെ ഭീതിയിലാണ്.
99. (a) കുരയ്ക്കുന്ന പട്ടി കടിക്കാറില്ല
100. (a) ഡോക്ടറെ കാണുന്നതാണ് കൂടുതൽ അഭികാമ്യം

**www.keralapscblog.com**